©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഫെബ്രുവരി 18<br>18th February 2020<br>1195 കുംഭം 5<br>5th Kumbham 1195<br>1941 മാഘം 29<br>29th Magha 1941 | നമ്പർ<br>No. | 7 |

# PART III

# Co-operative Department

**കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ: പി. ജെ. അബ്ദുൽ ഗഫാർ)

(1)

നമ്പർ എ.ഇ.എൽ. 647/2013. 2019 നവംബർ 26.

വിഷയം :—സഹകരണവകുപ്പ്—സമാപ്തീകരണം—കരുനാഗപ്പള്ളി താലൂക്ക് പ്രൈവറ്റ് മോട്ടോർ മെക്കാനിക്കൽസ് ആന്റ് ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ക്യു. 1277-1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 69(11) പ്രകാരം ലിക്വിഡേറ്ററായിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടറെ മാറ്റി തേവലക്കര യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :—(1) ഈ ആഫീസിലെ 30-7-2015-ലെ എച്ച്.എം. 647/13-ാം നമ്പർ ഉത്തരവ്.

(2) കരുനാഗപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-8-2019-ലെ ഇ 01/2019-ാം നമ്പർ കത്ത്.

കരുനാഗപ്പള്ളി താലൂക്ക് പ്രൈവറ്റ് മോട്ടോർ മെക്കാനിക്കൽസ് ആന്റ് ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ക്യു. 1277-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും ചവറ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഇൻസ്പെക്ടർ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി 9-12-2015-ൽ ചാർജ്ജ് എടുത്തിട്ടുള്ളതുമാണ്.

ടി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെയും സമാപ്തീകരണത്തിലുള്ള സംഘങ്ങളുടെ ലിക്വിഡേറ്റർമാരായിട്ടുള്ള സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർമാരുടെ ജോലി ക്രമീകരിക്കുന്നതിന്റെയും ഭാഗമായി ലിക്വിഡേറ്റർമാരെ മാറ്റി നിയമിക്കണമെന്ന് 25-7-2019-ൽ ചേർന്ന താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ അവലോകന യോഗത്തിൽ തീരുമാനിച്ചിരുന്നു. ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല ചവറ യൂണിറ്റ് ഇൻസ്പെക്ടർക്ക് പകരം തേവലക്കര യൂണിറ്റ് ഇൻസ്പെക്ടർക്ക് നൽകി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കരുനാഗപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സമാപ്തീകരണത്തിലുള്ള സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല നിലവിലെ യൂണിറ്റ് ഇൻസ്പെക്ടറിൽ നിന്നും മാറ്റി മറ്റൊരു യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കരുനാഗപ്പള്ളി താലൂക്ക് പ്രൈവറ്റ് മോട്ടാർ മെക്കാനിക്കൽസ് ആന്റ് ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ക്യു. 1277-ന്റെ ലിക്വിഡേറ്ററായി നിയമിച്ചിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടർക്ക് പകരം കരുനാഗപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ തേവലക്കര യൂണിറ്റ് ഇൻസ്പെക്ടറെ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 69 (11) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി മാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല വഹിച്ചിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടർ, ടി സംഘത്തിന്റെ ആസ്തികളും രജിസ്റ്ററുകളും മറ്റനുബന്ധങ്ങളും തേവലക്കര യൂണിറ്റ് ഇൻസ്പെക്ടർക്ക് യഥാവിധി കൈമാറേണ്ടതും ടി വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

സംഘത്തിന്റെ സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ലിക്വിഡേറ്റർ സ്വീകരിക്കേണ്ടതാണ്.

(2)

നമ്പർ എ.ഇ.എൽ. 5712/2017. 2019 നവംബർ 26.

വിഷയം :—സഹകരണവകുപ്പ്—സമാപ്തീകരണം—നീണ്ടകര പഞ്ചായത്ത് ഭക്ഷ്യോദ്പാദക വിതരണ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ക്യു. 1475-1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 69(11) പ്രകാരം ലിക്വിഡേറ്ററായിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടറെ മാറ്റി ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പമാമർശം :—(1) ഈ ആഫീസിലെ 29-10-2017-ലെ എച്ച്.എം. 5712/17-ാം നമ്പർ ഉത്തരവ്.

(2) കരുനാഗപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-8-2019-ലെ ഇ 01/2019-ാം നമ്പർ കത്ത്.

ക്യു. 1475 നീണ്ടകര പഞ്ചായത്ത് ഭക്ഷ്യോദ്പാദക വിതരണ സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും ചവറ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെയും സമാപ്തീകരണത്തിലുള്ള സംഘങ്ങളുടെ ലിക്വിഡേറ്റർമാരായിട്ടുള്ള സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർമാരുടെ ജോലി ക്രമീകരിക്കുന്നതിന്റെയും ഭാഗമായി ലിക്വിഡേറ്റർമാരെ മാറ്റി നിയമിക്കണമെന്ന് 25-7-2019-ൽ ചേർന്ന താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ അവലോകന യോഗത്തിൽ തീരുമാനിച്ചിരുന്നു. ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല ചവറ യൂണിറ്റ് ഇൻസ്പെക്ടർക്ക് പകരം ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടർക്ക് നൽകി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കരുനാഗപ്പള്ളി സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സമാപ്തീകരണത്തിലുള്ള സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല നിലവിലെ യൂണിറ്റ് ഇൻസ്പെക്ടറിൽ നിന്നും മാറ്റി മറ്റൊരു യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്.**

പരാമർശം (1) പ്രകാരം ക്യു 1475 നീണ്ടകര പഞ്ചായത്ത് ഭക്ഷ്യോദ്പാദക വിതരണ സഹകരണ സംഘം (ക്ലിപ്തം)-ന്റെ ലിക്വിഡേറ്ററായി നിയമിച്ചിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടർക്ക് പകരം കരുനാഗപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടറെ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 69 (11) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി മാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല വഹിച്ചിരുന്ന ചവറ യൂണിറ്റ് ഇൻസ്പെക്ടർ, ടി സംഘത്തിന്റെ ആസ്തികളും രജിസ്റ്ററുകളും മറ്റനുബന്ധങ്ങളും ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടർക്ക് യഥാവിധി കൈമാറേണ്ടതും ടി വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

സംഘത്തിന്റെ സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ലിക്വിഡേറ്റർ സ്വീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

**പത്തനംതിട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ : എം. ജി. പ്രമീള)

നമ്പർ എസ്.സി.റ്റി.എം. 3997/19/കെ. ഡിസ്.    2020 ജനുവരി 1.

വിഷയം :—കോഴഞ്ചേരി താലൂക്ക് ആട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 92-സമാപ്തീകരണ നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പത്തനംതിട്ട യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 28-9-2019-ലെ ഒ.945/16 നമ്പർ കത്ത്.

കോഴഞ്ചേരി താലൂക്ക് ആട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 92-പത്തനംതിട്ട ആസ്ഥാനമായി 15-6-1990-ൽ രജിസ്റ്റർ ചെയ്ത് 28-6-1990-ൽ പ്രവർത്തനം ആരംഭിച്ചു. ടി സംഘത്തിന്റെ പ്രവർത്തന പരിധി കോഴഞ്ചേരി താലൂക്ക് ആകുന്നു. 2017-18 വർഷം വരെ സംഘത്തിൽ ആഡിറ്റ് നടന്നിട്ടുണ്ട്. 7-4-2014-ന് ശേഷം സംഘം പ്രവർത്തനരഹിതമാണ്. സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി 7-5-2018-ൽ അവസാനിച്ചിട്ടുള്ളതുമാണ്. ആയതിനുശേഷം ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. സംഘത്തിലെ അംഗങ്ങൾക്ക് സംഘത്തിലെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ താൽപര്യമില്ലാത്തതാണെന്നും ടി സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ ഒരു ശ്രമവും നടന്നിട്ടില്ലെന്നും ടി സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലായെന്നും സൂചന (1) പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന (1) പ്രകാരമുള്ള പരിശോധനയിൽ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനു യാതൊരുവിധ സാദ്ധ്യതയില്ലാത്തതിനാലും സംഘം സമാപ്തീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പത്തനംതിട്ട (മുൻ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്) ജനറൽ മാനേജർ എന്നിവർ എതിരഭിപ്രായം നൽകാത്ത സാഹചര്യത്തിലും സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് കഴിയില്ല എന്ന് ഉത്തമ ബോദ്ധ്യം വന്ന സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കോഴഞ്ചേരി താലൂക്ക് ആട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 92-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പത്തനംതിട്ട യൂണിറ്റ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത വിവരവും ഏറ്റെടുത്തിട്ടുള്ള മുതലുകളുടേയും റിക്കാർഡുകളുടേയും വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ശ്രീ. വി. പ്രസന്നകുമാർ)

നമ്പർ എ. ഇ. എൽ./3546/2018. 2019 ഡിസംബർ 27.

വിഷയം:—സമാപ്തീകരണം—കെ.404 തിരുവാർപ്പ് സഹകരണ ആശുപത്രി ക്ലിപ്തം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 11-2-1994-ലെ എച്ച്.എം. 814/94 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ന്റെ 22-3-2019-ലെ AEL/1415/2019-ാം നമ്പർ ഉത്തരവ്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 2-11-2019-ലെ കെ. എം. 3056/13(2) നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 1-11-2019-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ.404 തിരുവാർപ്പ് സഹകരണ ആശുപത്രി ക്ലിപ്തം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിൽ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കുമരകം യൂണിറ്റ് ഇൻസ്പെക്ടർ ലിക്വിഡേറ്ററായി ചാർജ്ജെടുക്കുകയും ലിക്വിഡേഷൻ നടപടികൾ നടത്തിവരുകയും ചെയ്തിട്ടുള്ളതുമാണ്. ഇപ്പോൾ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

സംഘത്തിൽ നിന്നും ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചുവെങ്കിലും ആരും ക്ലെയിം സമർപ്പിച്ചിരുന്നില്ല. സംഘത്തിന്റെ 1993-94 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം അടയ്ക്കുവാൻ അവശേഷിച്ച അഫിലിയേഷൻ ഫീസ്, സർക്കാർ ഓഹരി, വായ്പ, പലിശ, പിഴപലിശ എന്നിവ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ പേരിൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ കോട്ടയം മെയിൻ ശാഖയിൽ ഉണ്ടായിരുന്ന അക്കൗണ്ട് അവസാനിപ്പിച്ച് അക്കൗണ്ടിൽ അവശേഷിക്കുന്ന മുഴുവൻ തുകയും കോട്ടയം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ ഉള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. സംഘത്തിന് തിരുവാർപ്പ് പഞ്ചായത്തിൽ സ്വന്തമായുണ്ടായിരുന്ന 3.4 ആർ വസ്തുവിൽ നിന്ന് 1.09 ആർ വസ്തു കാഞ്ഞിരം പാലം പണിയുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുക്കുകയും അവശേഷിച്ച 2.31 ആർ വസ്തു 28-12-2018-ാം തീയതി ലേലം ചെയ്യുകയും ടി വസ്തു കാഞ്ഞിരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ. 433 ലേലം കൊള്ളുകയും 3-7-2019-ൽ ടി ബാങ്കിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും, കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ കണ്ടുകെട്ടിയും 18-7-2019-ൽ AEL/3546/2018 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ₹ 6,92,903 കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളതുമാണ്. ബഹു. സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ന്റെ സൂചന (2) ഉത്തരവ് പ്രകാരം ലിക്വിഡേറ്ററുടെ കാലാവധി 10-2-2020 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംഘത്തിന്റെ അന്തിമ പൊതുയോഗം 1-11-2019-ൽ നടത്തിയിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെപറയും പ്രകാരമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യത | തുക ₹ | ആകെ ₹ | ആസ്തി | തുക ₹ | ആകെ ₹ |
|---|---|---|---|---|---|
| 1. ഓഹരി മൂലധനം | | | 1. ക്യാഷ് | | |
| i. വ്യക്തികൾ | 8,000.00 | | i. കൈവശമുള്ളത് | 206.65 | |
| ii. സൊസൈറ്റികൾ | 6,425.00 | | ii. ബാങ്കിൽ ഉള്ളത് | 8,325.99 | **8,532.64** |
| iii. സർക്കാർ | 20,500.00 | **34,925.00** | | | |
| 2. വായ്പകൾ | | | 2. നിക്ഷേപങ്ങൾ | | |
| i. പ്രവർത്തന മൂലധന വായ്പ | 25,000.00 | | i. മറ്റ് സ്ഥാപനങ്ങളിലെ ഓഹരികൾ | 200.00 | |
| ii. ഫർണീച്ചർ വായ്പ | 8,000.00 | | ii. സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 250.00 | **450.00** |
| iii. കെട്ടിട നിർമ്മാണ വായ്പ | 50,000.00 | | | | |
| iv. ഡ്രഗ് വായ്പ | 2,000.00 | **85,000.00** | | | |
| 3. കരുതലുകൾ | | | 3. മറ്റ് വരുമാനങ്ങൾ | | |

| | | | |
|---|---|---|---|
| i. | കേടായ ഫർണീച്ചറുകൾക്കുള്ള കരുതൽ | 1,249.86 | |
| ii. | വേതനത്തിനുള്ള കരുതൽ | 6,870.00 | |
| iii. | 1987-88 വർഷത്തെ വേതനത്തിനുള്ള കരുതൽ | 35,100.00 | |
| iv. | 1987-88 വർഷത്തെ വേതനത്തിനുള്ള കരുതൽ | 17,399.60 | |
| v. | കേടായ സ്റ്റോക്കിനുള്ള കരുതൽ | 56.09 | |
| vi. | പർച്ചേസ് തടഞ്ഞത് | 5,666.18 | |
| vii. | w/o വൗച്ചർ | 6,300.00 | |
| viii. | റ്റി. എ. w/o വൗച്ചർ | 112.00 | |
| ix. | വീട്ടുവാടക ബത്ത തടഞ്ഞത് | 8,000.00 | |
| x. | സ്റ്റോക്കിലുള്ള കുറവ് | 0.57 | |
| xi. | പേയ്മെന്റ് w/o വൗച്ചർ | 160.00 | |
| xii. | റിപ്പെയർ തടഞ്ഞത് | 346.78 | |
| xiii. | ക്യാഷ് ബാലൻസ് തടഞ്ഞത് | 100.00 | |
| xiv. | ശമ്പളത്തിനുള്ള കരുതൽ | 10,500.00 | |
| xv. | തേയ്മാന ഫണ്ട് | 34,077.75 | |
| xvi. | ഫർണീച്ചറിനുള്ള കരുതൽ | 6,507.61 | |
| xvii. | കേടായ സ്റ്റോക്കിനുള്ള കരുതൽ | 211.79 | |
| xviii. | ശമ്പളവും വീട്ടുവാടക ബത്തയും | 25,649.78 | |
| xix. | കിട്ടാകടത്തിനും സംശയാസ്പദ കടത്തിനുമുള്ള കരുതൽ | 21,600.00 | |
| xx. | ഡി.സി.ബി. സ്പെഷ്യൽ എസ്. ബി. | 104.69 | |
| xxi. | ജീവനക്കാർക്ക് ഗ്രാറ്റിവിറ്റിക്കുള്ള പ്രൊവിഷൻ | 7,000.00 | |
| xxii. | ജീവനക്കാർക്ക് ബോണസിനുള്ള പ്രൊവിഷൻ | 12,790.00 | |
| xxiii. | വേതനത്തിനുള്ള കരുതൽ | 13,421.50 | |
| xxiv. | മരുന്നു വാങ്ങിയത് തടഞ്ഞത് | 948.38 | |
| xxv. | 91-92-ലെ വേതനം | 1,610.00 | **2,15,782.58** |
| 4. | മാനേജീരിയൽ സബ്സിഡി | 1,948.00 | 1,948.00 |
| 5. | പലിശ കൊടുക്കാനുള്ളത് | 2.40 | 2.40 |
| 6. | ഗവൺമെന്റ് ഗ്രാന്റ്/സബ്സിഡി | 40,000.00 | 40,000.00 |
| 7. | സ്റ്റാഫ് പ്രോവിഡന്റ് ഫണ്ട് ഡെപ്പോസിറ്റ് | 750.00 | 750.00 |
| 8. | തൻചെലവും സിൽബന്തി | | |

| | | | |
|---|---|---|---|
| i. | പലവക വരുമാനം | 4,810.00 | 4,810.00 |
| 4. | സ്ഥാവരം | | |
| i. | ഫർണീച്ചർ | 15,119.40 | |
| ii. | ആഫീസ് ഉപകരണങ്ങൾ | 16,597.57 | **31,716.97** |
| | ജംഗമം | | |
| i. | കെട്ടിടം | 5,500.00 | **5,500.00** |
| 5. | സ്റ്റോക്ക് | | |
| i. | സ്റ്റോക്ക്-ഇൻ-ട്രേഡ് | 56.09 | |
| ii. | സ്റ്റോക്കിലുള്ള കുറവ് | 0.57 | **56.66** |
| 6. | സംഘത്തിലേക്ക് വരേണ്ടത് | 704,768.38 | 704,768.38 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവും | 3,219.00 | 3,219.00 | | | |
| 9. | സംഘത്തിൽ നിന്നും കൊടുക്കാനുള്ളത് | 4,74,797.24 | 4,74,797.24 | 7. അറ്റ നഷ്ടം | 100,382.92 | 100,382.92 |
| | ആകെ | 8,56,424.22 | 8,56,424.22 | ആകെ | 856,217.57 | 856,217.57 |
| | പ്രാരംഭ ബാക്കി | 0 | 0 | അവസാന ബാക്കി | 206.65 | 206.65 |
| | ആകെ | 8,56,424.22 | 8,56,424.22 | ആകെ | 856,424.22 | 856,424.22 |

നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ

| വരവ് | തുക ₹ | ചെലവ് | തുക ₹ |
|---|---|---|---|
| സ്റ്റാഫ് സെക്യൂരിറ്റി | 250.00 | തൻ ചെലവുകൾ | |
| പല വക | | കെട്ടിട നികുതി | 1,369.50 |
| ലേല ഡെപ്പോസിറ്റ് | 6,800.00 | ലേബർ | 120.00 |
| ലേല തുക | 23,304.00 | നോട്ടീസ് | 50.00 |
| വാടക | 9,800.00 | വസ്തു നികുതി | 159.00 |
| ഡെപ്പോസിറ്റിന്റെ പലിശ | 85,169.00 | ബാങ്ക് ചാർജ് | 101.00 |
| നിരത ദ്രവ്യം | 1,000.00 | ലേല ഡെപ്പോസിറ്റ് | 6,800.00 |
| ആസ്തി | | പ്രിന്റിംഗ് & സ്റ്റേഷനറി | 756.40 |
| സർക്കാരിലേക്ക് കണ്ടു കെട്ടിയത് | 6,52,927.00 | ആഡിറ്റ് ഫീസ് | 3,594.00 |
| വസ്തു ലേലം ചെയ്തത് | 65,000.00 | പരസ്യം | 17,440.00 |
| ബാങ്ക് അക്കൗണ്ട് | | അഫിലിയേഷൻ ഫീസ് | 670.00 |
| ലിക്വിഡേറ്റർ അക്കൗണ്ട് (SB 6986) | 1,169,393.00 | കണ്ടിജൻസി | 1,359.00 |
| സംഘത്തിൽ നിന്നും കൊടുക്കാനുള്ളത് | 5,668.00 | ലിക്വിഡേഷൻ ചാർജ്ജ് | 1,56,630.00 |
| കാഞ്ഞിരകം SCB | 15,799.00 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 692,903.00 |
| | | **ബാങ്ക് അക്കൗണ്ട്** | |
| | | ലിക്വിഡേറ്റർ അക്കൗണ്ട് (SB 6986) | 8,35,973.00 |
| | | സർക്കാർ ഓഹരി | 20,500.00 |
| | | സർക്കാർ ഓഹരി (പലിശ) | 15,000.00 |
| | | സർക്കാർ വായ്പ | 85,000.00 |
| | | സർക്കാർ വായ്പയുടെ പലിശ | 140,000.00 |
| | | ലിക്വിഡേഷൻ ചാർജ്ജ് | 1,748.00 |
| | | ലിക്വിഡേഷൻ ഫണ്ട് | 583.00 |
| | | സംഘത്തിലേക്ക് വരേണ്ടത് | |
| | | ലിക്വിഡേറ്റർ അഡ്വാൻസ് | 5,600.00 |
| | | സംഘത്തിൽ നിന്നും കൊടുക്കേണ്ടത് | 48,960.75 |
| **ആകെ** | **20,35,110.00** | **ആകെ** | **20,35,316.65** |
| പ്രാരംഭ ബാക്കി | 206.65 | അവസാന ബാക്കി | 0 |
| **ആകെ** | **20,35,316.65** | **ആകെ** | **20,35,316.65** |

ഇപ്പോഴത്തെ ബാക്കിപത്രം

| ആസ്തി | തുക | ബാധ്യത | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത്, സൂചന (3) പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ സഹിതം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോധ്യപ്പെട്ടതിനാൽ കെ. 404 തിരുവാർപ്പ് സഹകരണ ആശുപത്രി ക്ലിപ്തം-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 404 തിരുവാർപ്പ് സഹകരണ ആശുപത്രി ക്ലിപ്തം-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും, ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

**രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**

നമ്പർ ഒ-5992/2018/ആർ.ഡിസ്. 2019 നവംബർ 26.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ (തപാലാഫീസ് പുന്നയൂർക്കുളം) പുന്നയൂർക്കുളം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം ഇന്നേ ദിവസം പ്രസ്തുത ആകട് അനുസരിച്ച് ക്ലിപ്ത ബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

**തരംതിരിച്ചുള്ള പട്ടിക**

1. സംഘത്തിന്റെ നമ്പരും പേരും—ആർ. 1541-ാം നമ്പർ പുന്നയൂർക്കുളം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം.
2. രജിസ്റ്റർ ചെയ്ത തീയതി—26-11-2019.
3. മേൽവിലാസം—പി.ഒ. പുന്നയൂർക്കുളം, തൃശ്ശൂർ-679 561.
4. പ്രവർത്തന പരിധി—തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം പഞ്ചായത്ത്.
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ഉന്നമനവും സാമൂഹ്യക്ഷേമവും.
7. അംഗീകൃത ഓഹരി മൂലധനം—

| | | |
|---|---|---|
| 'എ' ക്ലാസ് | 100 × 25000 = | ₹ 25,00,000 |
| 'ബി' ക്ലാസ് | 500 × 1000 = | ₹ 5,00,000 |
| 'സി' ക്ലാസ് | 25 × 50000 = | ₹ 12,50,000 |
| | ആകെ | ₹ 42,50,000 |

8. സംഘത്തിന്റെ തരം—വനിത ചട്ടം 15-10 (എ)
9. പരമാവധി വാങ്ങാവുന്ന കടം—പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും ആകെ തുകയുടെ നൂറ്റമ്പത് (150) മടങ്ങ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ഓഫീസ്, തൃശ്ശൂർ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

REGISTRATION CERTIFICATE

No. O. 2710/2018. *10th December 2019.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society—Cherpulassery Karshaka Kshema Sahakarana Sangham Ltd.P1457.
2. Date of Registration—10-12-2019.
3. Address—Cherpulassery P. O., Palakkad-679 503.
4. Liability—Limited.
5. Area of Operation—Cherpulassery Municipality and Thrikaderi, Chalavara, Nellaya Panchayaths in Ottapalam Taluk and Vallappuzha, Kulukkallur Panchayaths in Pattambi Taluk.
6. Main Object—Welfare of Members.
7. Type of Society—Miscellaneous Societies-(3) others-, as per Rule 15-12.(3).
8. Authorized Share Capital—₹ 1,00,00,000.
9. Maximum Borrowing Power—150 times of paid up Share Capital Plus Reserve Fund.

(Sd.)

Office of the Joint Registrar of Co-operative Societies (General), Palakkad. *Joint Registrar of Co-operative Societies (General).*